പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1032 — 14.06.2012-ലെ മറുപടിക്ക്

## ഭൂരഹിതർക്ക് മിച്ച ഭൂമി വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ | അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം നടത്തുന്ന കാര്യത്തിൽ സ്വീകരിച്ചുവരുന്ന നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നിലവിൽ ഉദ്ദേശമില്ല. |
| (ബി) | സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ വിതരണം നടത്താതെ ശേഷിക്കുന്ന ഭൂമിയുടെ വിശദവിവരം നൽകുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് കൂടുതൽ ഭൂമി കണ്ടെത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിൽ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കിയും പുതിയ മിച്ചഭൂമി കേസുകൾ കണ്ടെത്തിയും ബഹു.കോടതിയിൽ വ്യവഹാരത്തിൽ പ്പെട്ടുകിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ സത്വര ശ്രദ്ധ ക്ഷണിച്ചുകൊണ്ടും പരമാവധി മിച്ചഭൂമി കേസുകൾ തീർപ്പാക്കി മിച്ചഭൂമി കണ്ടെത്തുവാനും ഭൂരഹിതർക്ക് വിതരണം ചെയ്യുവാനുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന പാവപ്പെട്ടവർക്ക് മിച്ചഭൂമി വിതരണത്തിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | കേരളാ ഭൂപരിഷ്കരണ നിയമത്തിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ, മിച്ചഭൂമി വിതരണം നടത്തുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

**സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ വിതരണം നടത്താതെ ശേഷിക്കുന്ന മിച്ചഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക്.**

| ക്രമനം. | ജില്ല | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 23.77 |
| 2. | കൊല്ലം | 01.13 |
| 3. | പത്തനംതിട്ട | 00.29 |
| 4. | ആലപ്പുഴ | 00.39 |
| 5. | കോട്ടയം | 15.99 |
| 6. | ഇടുക്കി | 75.03 |
| 7. | എറണാകുളം | 41.45 |
| 8. | തൃശ്ശൂർ | 11.57 |
| 9. | പാലക്കാട് | 23.35 |
| 10. | മലപ്പുറം | 07.03 |
| 11. | കോഴിക്കോട് | 11.66 |
| 12. | വയനാട് | 9.47 |
| 13. | കണ്ണൂർ | 325.01 |
| 14. | കാസർഗോഡ് | 32.22 |
| | ആകെ | 578.36 |

സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം നടത്താതെ ശേഷിക്കുന്ന 578.36 ഹെക്ടർ ഭൂമിയാണ് ഉള്ളത്. ടി ഭൂമിയിൽ വിതരണത്തിന് യോഗ്യമല്ലാത്ത വെള്ളക്കെട്ട് പ്രദേശം, പാറപ്രദേശം, വാസയോഗ്യമല്ലാത്ത കുന്നിൻപ്രദേശം, സ്വകാര്യഭൂമിയിലൂടെ മാത്രം പ്രവേശനമാർഗ്ഗമുള്ള മിച്ചഭൂമി, തോട്, ചിറ മുതലായവയും ഉൾപ്പെടുന്നുണ്ട്.

5-6